# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2847

06.11.2019-ലെ മറുപടി

## തഴക്കര-മാവേലിക്കര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ തഴക്കര-മാവേലിക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഈ സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക പ്രൊജക്റ്റ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പി.പി.ഡി വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 30 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള പദ്ധതിയുടെ വിതരണ ശൃംഖലകൾ ഒഴികെയുള്ള ഭാഗങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) | സർവ്വേ നടപടികൾ പൂർത്തീകരിച്ചതിന്റെ വിശദ വിവരം ലഭ്യമാക്കുമോ; | (ബി) | 2018-19 ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത പദ്ധതിയ്ക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മുനിസിപ്പാലിറ്റിയിലേയും പഞ്ചായത്തുകളിലെയും സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് . |
| (സി) | പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ജല ശുദ്ധീകരണശാലക്കുള്ള സ്ഥലം വാട്ടർ അതോറിറ്റിയുടെ അധീനതയിലാണ്. രണ്ടു ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തു ഏറ്റെടുത്തു നൽകുന്നതാണ് എന്ന് സമ്മതിച്ചിട്ടുണ്ട്. |
| (ഡി) | ഈ സാമ്പത്തിക വർഷം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ